# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 351

10-06-2014-ൽ മറുപടിക്ക്

## വൈദ്യുതിനിരക്കു വർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ. ജി.സുധാകരൻ<br>,, എസ്.രാജേന്ദ്രൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ എത്ര തവണ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചു എന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ1 മുതലും, 2013 മെയ് 1 മുതലും താരിഫ് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട് |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വിഭാഗങ്ങൾക്ക് എന്ത് നിരക്കിലാണ് വൈദ്യുതി നൽകിയിരുന്നത് ; ഇപ്പോൾ എന്തു നിരക്കാണ് നില നില്ക്കുന്നത്; ഓരോ വിഭാഗത്തിലും എത്ര ശതമാനം വർദ്ധനയുണ്ടായി ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള നിരക്കും, ഇപ്പോഴത്തെ നിരക്കും, ശരാശരി വർദ്ധനവും അനുബന്ധമായി കൊടുത്തിരിക്കുന്നു |
| (സി) വൈദ്യുതി നിരക്ക് വർദ്ധനവിന്റെ ഭാഗമായി കെ.എസ്.ഇ.ബി.ക്ക് കഴിഞ്ഞ മൂന്നു കൊല്ലം ലഭിച്ച അധികവരുമാനം എത്രയാണ് എന്ന് വിശദമാക്കുമോ ? | (സി) | 2011-12 -ൽ നിരക്ക് വർദ്ധനവ് വരുത്തിയിട്ടില്ല. നിരക്ക് വർദ്ധനവിലൂടെ 2012-13 -ൽ ഏകദേശം പ്രതിവർഷം 1257 കോടി രൂപയും, 2013-14 -ൽ ഏകദേശം |

പ്രതിവർഷം 642.47 കോടി
രൂപയും അധികമായി ലഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**